THE CALCUTTA MALAYALEE SAMAJAM
22, Chinmoy Chatterjee Sarani, Kolkata-700033
Eamil.calcuttamalayaleesamajam@gmail.com; Phone: 8902185549

# 2022-23 ലെ പ്രവർത്തന റിപ്പോർട്ട്

2022-23ലെ സമാജം പ്രവർത്തനങ്ങളുടെ ഏകദേശ രൂപം അംഗങ്ങളുടെ ഈ 72ാാം വാറ്ഷിക പൊതുയോഗം മുന്പാകെ അവതരിപ്പിക്കുന്നു. കോവിഡിന് ശേഷം വൈവിദ്ധ്യമാർന്ന പരിപാടികളോടെ സമാജം പ്രവർത്തനങ്ങൾ ഈ കഴിഞ്ഞ വർഷം വീണ്ടും സജ്ജീവമാക്കാൻ കഴിഞ്ഞു. കലാപ്രവർത്തനങ്ങൾ, ഓണം, ഫുട്ബാൾ മത്സരം വാർഷികം എന്നിവയെല്ലാം നല്ല പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു .

സമാജം കെട്ടിടം പുതുക്കി പണിയാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. . അതിനു വേണ്ടിയുള്ള കരാർ കെ പി ഷമീം പങ്കാളിയായ ഫാത്തിമ ട്രേഡിങ്ങ് കൺസേനുമായി റെജിസ്ട്രർ ചെയ്യുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തു . കെട്ടിടത്തിന്റെ ശിലാസ്ഥാപനം മെയ് 7ന് ശ്രീ ദേബാശിഷ് കുമാർ എം എൽ എ നിർവഹിച്ചു. സമാജം പ്രവർത്തനങ്ങൾ താൽക്കാലികമായി രാഷ്ബിഹാരി അവന്യൂവിലെ പഴയ ഓഫീസിലേക്ക് മാറ്റി.

ഓണാഘോഷം- രണ്ടു വർഷത്തിനു ശേഷം വിവിധ കലാപരിപാടികളും സദ്യയോടും കൂടി ഓണം വിപുലമായി ആഘോഷിച്ചു. 10-09-2022ന് ശാസ്ത്രസമൂഹം ഹാളിൽ വെച്ച് സംഘടിപ്പിച്ചു. അതിൽ ധാരാളം ആളുകൾ പങ്കെടുത്തു.

2023 മാർച്ച് 20ന് വാർഷികാഘോഷം ഉത്തം മഞ്ചിൽ വെച്ച് നടന്നു. പശ്ചിമ ബംഗാൾ ഗവർണർ ഡോക്ടർ സി വി ആനന്ദ ബോസ് മുഖ്യ അതിഥിയായി പങ്കെടുത്തു. താലപ്പൊലി, ചെണ്ടമേളം എന്നിവയോടു കൂടി അദ്ദേഹത്തിന് സമുചിതമായ സ്വീകരണം നൽകി. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നിത്യചൈതന്യ കളരി സംഘം അവതരിപ്പിച്ച കളരിപ്പയറ്റ്, ശിവശരൺ നാട്യാലയ കൊൽക്കത്ത അവതരിപ്പിച്ച വൈവിദ്ധ്യമാർന്ന ഡാൻസ് എന്നീ പരിപാടകൾ അവതരിപ്പിച്ചു. 2022ൽ പശ്ചിമ പശ്ചിമ ബംഗാൾ ബോർഡ് മാധ്യമിക്. ICSE, CBSE എന്നീ പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സായ മലയാളി കുട്ടികൾക്ക് വിദ്യാഭ്യാസ അവാർഡും ഫുട്ട്ബാൾ മൽസരത്തിൽ വിജയികൾക്ക് സമ്മാനങ്ങളും നൽകി.

14-8-22ന് നമുക്ക് പാടാം സംഗീത സന്ധ്യ, 11-12-22 സംഗീത സയാഹ്നം എന്നിവ സമാജത്തിൽ വെച്ച് സംഘടിപ്പിച്ചു. നിരവധി ആളുകൾ അവയിൽ പങ്കടുത്തു. 27-11-2022ന് രണ്ടു വർഷത്തെ ഇടവേളയ്ക്കു ശേഷം സംഘടിപ്പിച്ച പിക്കിനിക്കിൽ ധാരാളം ആളുകൾ പങ്കെടുത്തു. 12-02-2023ന് റായ്ചൌക്ക് പുഷ്പാലയ റിസോർട്ടിലേക്ക് ആണ് പിക്നിക്ക് സംഘടിപ്പിച്ചത്. നോർക്കയുടെ പ്രവർത്തനങ്ങളെകുറിച്ച് വശദീകരിക്കാൻ അതിൻ്റെ അധികാരികൾ പങ്കെടുത്ത വിവധ മലയാളി സംഘടന പ്രതിനിധികളുടെ ഒരു യോഗം 2023 മാർച്ച് 4ന് സമാജത്തിൽ വെച്ച് നടത്തി. കോവി ഡിനു ശേഷം വീണ്ടും മലയാളികൾക്കായി കുദ്ഘട്ട് കോർപ്പറേഷൻ മൈതാനിയിൽ 2022 നവംബർ 27ന് ഫുട്ട്ബാൾ മത്സരം സംഘടിപ്പിച്ചു. നാലു ടീമുകൾ പങ്കെടുത്തു.

കൊൽക്കത്തെയിൽ മലയാളി ജനസംഖ്യ അനുദിനം കുറഞ്ഞു വരുന്നതിനാൽ നമ്മുടെ പ്രവർത്തനങ്ങളേയും അത് സാരമായി ബാധിക്കുന്നു. മാറുന്ന സാഹചര്യത്തിനനുസരിച്ച് സമാജം പ്രവർത്തനങ്ങൾ മുൻപോട്ടു നയിക്കാൻ എല്ലാവരുടേയും സജീവ പങ്കളിത്വം ഉണ്ടാകണമെന്ന് അഭ്യർ ത്ഥിച്ചു കൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

പ്രവർത്തക സമിതിയ്ക്കു വേണ്ടി

എൻ ഗോപി
സെക്രട്ടറി
27 -08-2023